പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3385 — 29/01/2014- ൽ മറുപടിക്ക്

## റൂറൽ കിച്ചൺ ബാക്ക് പൗൾട്രി വികസനപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്: | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്കുവേണ്ടി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന റൂറൽ കിച്ചൺ ബാക്ക് പൗൾട്രി വികസന പദ്ധതിയിൽ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) ഇതു സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രൊപ്പോസലിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (സി) ഇല്ലെങ്കിൽ എയ്ഡഡ് സ്കൂൾ കുട്ടികളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കുമോ? | (സി) | 2013-2014 ൽ റൂറൽ ബാക്ക്യാർഡ് പൗൾട്രി പദ്ധതി സർക്കാർ സ്കൂളുകൾ വഴി നടപ്പിലാക്കി വരികയാണ്. എന്നാൽ ഈ സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ വിജ്ഞാന വ്യാപന പരിപാടിയുടെ ഭാഗമായി സ്കൂൾ ആനിമൽ വെൽഫയർ ക്ലബ്ബ് എന്ന പദ്ധതി പ്രകാരം എയ്ഡഡ് സ്കൂളുകളിലേയും സർക്കാർ സ്കൂളുകളിലേയും വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിവരുന്നുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ